മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ഡിസംബർ 12

# വാർത്താക്കുറിപ്പ്

---

## ഗവേഷണ പ്രബന്ധത്തിനുള്ള അവാർഡ്; അപേക്ഷകൾ 15വരെ സമർപ്പിക്കാം

മികച്ച പി.എച്ച്.ഡി, പി.ജി പ്രബന്ധങ്ങൾക്കുള്ള പ്രഫ. സാബു തോമസ് അവാർഡിന് ഡിസംബർ 15വരെ അപേക്ഷകൾ സമർപ്പിക്കാം. മഹാത്മാ ഗാന്ധി സർവകലാശാലാ വൈസ് ചാൻസലർ പ്രഫ. സാബു തോമസിനു കീഴിൽ ഗവേഷണം നടത്തിയിട്ടുള്ള പൂർവ്വ വിദ്യാർഥികളുടെ കൂട്ടായ്മ ഏർപ്പെടുത്തിയ അവാർഡ് നാനോ സയൻസ് ആൻറ് ടെക്നോളജി, പോളിമെർ സയൻസ് ആൻറ് ടെക്നോളജി മേഖലകളിൽ ഗവേഷണ മികവ് പുലർത്തുന്നവർക്കാണ് കഴിഞ്ഞ അഞ്ചു വർഷമായി നൽകിവരുന്നത്.

മികച്ച ഡോക്ടറൽ പ്രബന്ധം, മികച്ച പി.ജി(എം.ടെക് അല്ലെങ്കിൽ എം.എസ്.സി.) പ്രബന്ധം എന്നിങ്ങനെ രണ്ടു വിഭാഗങ്ങളിലാണ് പുരസ്കാരം. പ്രബന്ധങ്ങളുടെ സാങ്കേതിക നിലവാരവും സാമൂഹിക-സാമ്പത്തിക പ്രസക്തിയും വിദഗ്ധ സമിതി വിലയിരുത്തി ചുരുക്കപ്പട്ടിക തയ്യാറാക്കും. അന്തിമ ഘട്ടത്തിൽ എത്തുന്നവർ സമിതി മുൻപാകെ 10 മിനിറ്റ് അവതരണം നടത്തണം.

പ്രബന്ധങ്ങൾ 2021 ഏപ്രിലിനും 2022 മാർച്ചിനുമിടയിൽ അംഗീകാരം ലഭിച്ചവയായിരിക്കണം. രാജ്യത്തെ അംഗീകൃത സർവകലാശാലകളിലെ വിദ്യാർഥികളെയാണ് പരിഗണിക്കുന്നത്. അപേക്ഷകൾ അനുബന്ധ രേഖകൾ സഹിതം ഓൺലൈനിൽ സമർപ്പിക്കാം. ഫോൺ: 9446235195, 9446288448 ഇ മെയിൽ: profsabuthomasalumni@gmail.com. വെബ്സൈറ്റ്: www.sabuthomas.com. രജിസ്ട്രേഷൻ ലിങ്ക്: https://forms.gle/MKkNdKtya48EDkro7

(പി.ആർ.ഒ./39/1732/2022)

## അപേക്ഷ; സമയപരിധി നീട്ടി

യു.ജി, പി.ജി പ്രൈവറ്റ് രജിസ്ട്രേഷൻ 2022-23 പരീക്ഷകൾക്ക് പിഴയില്ലാതെ ജനുവരി 20 വരെ അപേക്ഷ നൽകാം. 1105 രൂപ പിഴയോടെ ജനുവരി 21 മുതൽ 27 വരെയും 2205 രൂപ സൂപ്പർഫൈനോടെ ജനുവരി 28 മുതൽ 31 വരെയും അപേക്ഷ സ്വീകരിക്കും.

(പി.ആർ.ഒ./39/1733/2022)

## പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്. ബി.എ കഥകളി ചെണ്ട, മദ്ദളം കോംപ്ലിമെൻററി (പുതിയ സ്കീം - 2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2017,2018,2019,2020 അഡ്മിഷൻ റീ-അപ്പിയറൻസ് - ഒക്ടോബർ 2022) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഡിസംബർ 15 ന് തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജ് ഓഫ് മ്യൂസിക് ആൻഡ് ഫൈൻ ആർട്ടസിൽ വച്ച നടത്തും. ടൈം ടേബിൾ വെബ്സൈറ്റിൽ.

.......................................

രണ്ടാം സെമസ്റ്റർ എം.എ (സി.എസ്.എസ് - 2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019,2020 അഡ്മിഷൻ സപ്ലിമെൻററി - ഡിസംബർ 2022) മ്യൂസിക് വീണ പ്രാക്ടിക്കൽ പരീക്ഷകൾ ഡിസംബർ 15, 16 തിയതികളിൽ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളജ് ഓഫ് മ്യൂസിക് ആൻഡ് ഫൈൻ ആർട്സിൽ നടത്തും. ടൈം ടേബിൾ വെബ്സൈറ്റിൽ.

........................

രണ്ടാം സെമസ്റ്റർ എം.എസ്സി ബോട്ടണി സി.എസ്.എസ് (2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2020,2019 അഡ്മിഷൻ സപ്ലിമെൻററി - ഒക്ടോബർ 2022) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഡിസംബർ 14 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

..................................

രണ്ടാം സെമസ്റ്റർ എം.എസ്.സി സുവോളജി സി.എസ്.എസ്. (2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2020,2019 അഡ്മിഷൻ സപ്ലിമെൻററി - ഒക്ടോബർ 2022) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഡിസംബർ 15 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1734/2022)

## പരീക്ഷാ ഫലം

ഈ വർഷം മാർച്ചിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ്സി കമ്പ്യൂട്ടർ സയൻസ് (2016,2017,2018 അഡ്മിഷനുകൾ സപ്ലിമെൻററി, 2012,2013,2014,2015 അഡ്മിഷനുകൾ മെഴ്സി ചാൻസ് - നവംബർ 2021) പരീക്ഷയുടെ തടഞ്ഞു വച്ച പരീക്ഷാ ഫലം പ്രഖ്യാപിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് സഹിതം ഡെപ്യൂട്ടി രജിസ്ട്രാർക്ക് ( 8പരീക്ഷ) ഡിസംബർ 22 വരെ അപേക്ഷ നൽകാം.

..................................................

ഈ വർഷം മാർച്ചിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.ബി.എ (2021 അഡ്മിഷൻ റഗുലർ) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് സഹിതം ഡിസംബർ 27 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ സ്വീകരിക്കും.

.................................

മൂന്നാം സെമസ്റ്റർ പി.ജി.സി.എസ്.എസ് - എം.എ (മ്യൂസിക് വോക്കൽ, മ്യൂസിക് വീണ, മ്യൂസിക് വയലിൻ, ഭരതനാട്യം, മോഹിനിയാട്ടം, മൃദംഗം, മദ്ദളം, കഥകളി വേഷം, കഥകളി സംഗീതം റെഗുലർ, സപ്ലിമെന്ററി - ഏപ്രിൽ 2022) പരീക്ഷാ ഫലം പ്രഖ്യാപിച്ചു.

പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനക്കും നിശ്ചിത ഫീസ് അടച്ച് ഡിസംബർ 24 വരെ ഓൺലൈനിൽ അപേക്ഷ നൽകാം.

....................................................

2019 നവംബറിൽ നടന്ന ഒന്നു മുതൽ നാലു വരെ സെമസ്റ്ററുകൾ ബി.എ. അനിമേഷൻ ആൻറ് ഗ്രാഫിക് ഡിസൈൻ ഓഫ് ക്യാമ്പസ് (സപ്ലിമെന്ററി, മേഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രഖാപിച്ചു.

പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും നിശ്ചിത ഫീസ് സഹിതം ഡിസംബർ 24 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ സ്വീകരിക്കും.

.................................................

മൂന്നാം സെമസ്റ്റർ എം.എസ്സി സുവോളജി (2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ സപ്ലിമെൻററി - ഏപ്രിൽ 2022) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനക്കും നിശ്ചിത ഫീസ് അടച്ച് ഡിസംബർ 24 വരെ ഓൺലൈനിൽ അപേക്ഷ നൽകാം.

(പി.ആർ.ഒ./39/1735/2022)

**പബ്ലിക് റിലേഷൻസ് ഓഫീസർ**